# പായിപ്ര ഗ്രാമ പഞ്ചായത്ത്

## കോവിഡ്കാല പ്രവർത്തന റിപ്പോർട്ട്

## ആമുഖം

എറണാകുളം ജില്ലയുടെ തിരക്കിൽ നിന്നും നിന്നും 36 കിലോമീറ്റർ മീറ്റർ കിഴക്ക് മാറി സ്ഥിതിചെയ്യുന്ന, മൂവാറ്റുപുഴ ബ്ലോക്കിലെ തന്നെ ഏറ്റവും വലിയ പഞ്ചായത്താണ് പായിപ്ര. 32.18 ചതുരശ്ര കിലോമീറ്ററിൽ 42682 ഓളം ജനസംഖ്യയുള്ള പായിപ്ര പഞ്ചായത്തിൽ ഭൂരിഭാഗം ജനങ്ങളും കൃഷിയും കാർഷിക അനുബന്ധ മേഖലയുമായി അതിജീവനം നടത്തുന്നവരാണ്. കഴിഞ്ഞ രണ്ടു പ്രളയവും ഈ കോവിഡ് കാലവും ഇവിടത്തെ ജനങ്ങളെ തെല്ലൊന്നു പിടിച്ചു കുലുക്കി എങ്കിലും ഇവർ തിരിച്ചുവരവിന്റെ പാതയിൽ തന്നെയാണ്.ആകെ ജനസംഖ്യയിൽ 21348 പുരുഷന്മാരു21334 സ്ത്രീകളും അധിവസിക്കുന്ന പായിപ്ര പഞ്ചായത്ത്, ജില്ലയിലെ മറ്റു 101 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെതു പോലെ ശക്തമായ ഒരു കമ്മ്യൂണിറ്റി ഡെവലപ്മെൻറ് സൊസൈറ്റി കൊണ്ട് സമ്പന്നമാണ്. ചാരിറ്റബിൾ സൊസൈറ്റി ആക്ടിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഈ സി ഡി എസ് ജില്ലയിലെ മറ്റു സിഡിഎസ് കളെ കിടപിടിക്കുന്ന രീതിയിൽ ഉള്ള പ്രവർത്തനങ്ങളാണ് ഏറ്റെടുത്തു നടത്തി വരുന്നത്. 1998 മെയ് 17 നു കുടുംബശ്രീ ഉദ്ഘാടനം ചെയ്ത ശേഷം 2001 ൽ പത്തോളം അയൽക്കൂട്ടങ്ങൾ ഈ മണ്ണിൽ ഉയർന്നുവന്നു. രണ്ടായിരത്തി രണ്ടിൽ ആദ്യ ചെയർപേഴ്സണായി ശ്രീമതി ലിസി തിരഞ്ഞെടുക്കപ്പെട്ടു. ഇന്ന് പായിപ്ര സിഡിഎസ് ചുക്കാൻപിടിച്ച കഴിഞ്ഞ രണ്ടു പ്രളയവും ഒരു കൊറോണ കാലവും തൻറെ പിന്നിൽ അണിനിരക്കുന്ന മുന്നൂറോളം അയൽക്കൂട്ടങ്ങളിൽ വരുന്ന ആയിരത്തോളം സ്ത്രീസമൂഹത്തെ തന്നാൽ ആകുന്ന വിധം കൈമെയ് മറന്ന് സഹായിച്ചു കൊണ്ടിരിക്കുന്നവരാണ് ചെയർപേഴ്സൺ ശ്രീമതി സിനി.23 സി ഡി എസ്ന്റെ നെടുംതൂണായ സി ഡി എസ് മെമ്പർ മാരും പ്രവർത്തിച്ചുവരുന്നു. സി ഡി എസ്ന്റെ ഹൃദയവും ആത്മാവും സിഡിഎസ് നെ സിഡിഎസ് ആക്കുന്ന അയൽക്കൂട്ടങ്ങളും അയൽക്കൂട്ട അംഗങ്ങളും തന്നെയാണ്. എന്നാൽ സിഡിഎസ് തലത്തിൽ ഇതിൽ ഇവർക്ക് വേണ്ട സാമ്പത്തിക സഹായവും അവരുടെ കണക്ക് വിവരങ്ങളും കൃത്യമായി രേഖപ്പെടുത്താൻ സി ഡി എസ്ന്ന് പത്ത് വർഷക്കാലത്തെ അനുഭവസമ്പത്തുള്ള ശ്രീമതി ഹസീന അക്കൗണ്ട് ആയി ഉണ്ട്.

അങ്ങ് ചൈനയിൽ കോവിഡ പിടിമുറുക്കി തുടങ്ങിയപ്പോൾ മുതൽ ഇങ്ങു തെക്കേ ഇന്ത്യയിലെ ഒരു കൊച്ചു ഗ്രാമപ്രദേശം ആയ പായിപ്ര പഞ്ചായത്തും കുടുംബശ്രീ സിഡി എസ്സും അതിനെതിരെ പ്രവർത്തിക്കാൻ ഇറങ്ങുകയായി. ഈ കാലയളവിലും മൈക്രോ സംരംഭ വ്യാപന ഏകോപന മേഖലയിലും, പ്രദേശത്തെ സംഘ കൃഷിയുടെ കാര്യത്തിലും, അഗതികളുടെ

ത്തിന്റെ കാര്യങ്ങളിലും, കമ്മ്യൂണിറ്റി കിച്ചൻ അന്യസംസ്ഥാന തൊഴിലാളികൾ, ആരോഗ്യം, ശുചിത്വം, ജാഗ്രതാസമിതികൾ, ബാലസഭാ കുട്ടികൾ, സബ്സിഡികൾ ,സ്കിൽ ട്രെയിനിങ്,, വജന ക്ഷേമം, പ്ലാസ്റ്റിക് നിർമ്മാർജനത്തിനായി തുണി സഞ്ചി നിർമ്മാണം,മാസ്ക്, മറ്റു സുരക്ഷാ കിറ്റുകൾ, സ്ത്രീ സുരക്ഷ,അയൽക്കൂട്ട അംഗങ്ങൾക്കുള്ള ഉള്ള മുഖ്യമന്ത്രിയുടെ ലോൺ, ജില്ലാ മിഷൻ ഓൺലൈൻ മത്സര പരിപാടികൾ, തുടങ്ങിയ മേഖലകളിലും പഞ്ചായത്തിന് ഒപ്പം നിന്ന് പ്രവർത്തിക്കാൻ പായിപ്ര സിഡിഎസ് കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ രണ്ടര മാസക്കാലത്തെ പായിപ്ര സിഡിഎസ്സി ന്റെ പ്രവർത്തനങ്ങൾ താഴെ കുറിക്കട്ടെ... ഇതൊന്നും വരികളിൽ ഒതുക്കുവാൻ കഴിയില്ലെങ്കിലും...!!!!

**മാസ്ക് എന്ന ആയുധം**

കോവിഡ്ഇങ്ങു കേരളത്തിൽ എത്തി തുടങ്ങിയപ്പോൾ മുതൽ പായിപ്ര



സിഡിഎസ് വാർഡ് 4ൽ പ്രവർത്തിക്കുന്ന യകുടുംബശ്രീൂണിറ്റിലെ അംഗങ്ങൾ തങ്ങളുടെ ഉള്ള വരുമാനം നിലക്കുമല്ലോ എന്ന അങ്കലാപ്പിലായിരുന്നു. എന്നാൽ കഠിനാധ്വാനത്തിന്റെയും ശ്രദ്ധയുടെയും സൂക്ഷ്മതയോടെയും ഫലമായി മറ്റെല്ലാ വ്യാപാര രംഗങ്ങളും കൂപ്പുകുത്തിയെങ്കിലും നമ്മുടെ തയ്യൽ യൂണിറ്റുകൾ ഉയിർത്തെഴുന്നേൽപ്പിന്റെ പാതയിലാണ്. ജില്ലയിലും പുറത്തുമായി ഏതാണ്ട് 5000 ത്തോളം മാസ്കുകളും മറ്റു സുരക്ഷാ വസ്ത്രങ്ങളും തയ്ച്ചു കൊടുക്കുവാൻ യൂണിറ്റിന് കഴിഞ്ഞിട്ടുണ്ട്. ഇന്ന് അവർക്കു അഭിമാനമാണ് കൊറോണയെ ചെറുക്കാൻ തങ്ങളുടെ നാട്ടുകാർക്ക് ഈ മാസ്കുകൾ ഉപകരിക്കുമല്ലോ എന്നോർത്ത്..

കമ്മ്യൂണിറ്റി കിച്ചൻ

എറണാകുളം ജില്ലയിലെ ഏറ്റവുമധികം അഗതികളും അന്യ സംസ്ഥാന തൊഴിലാളികളും ഉള്ള പഞ്ചായത്തുകളിൽ ഒനനാണ് പായിപ്ര.

കോവിഡ് പശ്ചാതതലത്തിൽ ഇവിടുത്തെ ആളുകളുടെ പട്ടിണി നശിപ്പിക്കുക എന്നത് ശ്രമകരമായ ഒരു ദൗത്യമായിരുന്നു. എന്നാൽ പഞ്ചായത്തിന്റെയും കുടുംബശ്രീ ജില്ലാ മിഷന്റെയും സംയുക്ത ഇടപെടലിന് റെ ഫലമായി ഓളം പേർക്ക് സൗജന്യമായി ഭക്ഷണ വിതരണം സാധ്യമായി. തുടങ്ങിയ കമ്മ്യൂണിറ്റി കിച്ചൻ വര പ്രവർത്തിക്കുകയും ഈ നാടിന്റെമാതൃകാ പ്രവർത്തനങ്ങളിൽ ഒന്നായി മാറുകയും ചെയ്തു.



തുണി സഞ്ചി നിർമ്മാണം

പ്ലാസ്റ്റിക് നിർമാർജനത്തിന് കാര്യത്തിൽ കേരളം മറ്റു സംസ്ഥാനങ്ങൾക്ക് മാതൃക കാട്ടുന്നതിന്റെ പാതയിലായിരുന്നു.കൊറോണയുടെ വ്യാപനം ഇതിനെ തടയുമോ എന്ന ആശങ്കയിലായിരുന്നു പഞ്ചായത്തും സിഡ്സ് ഉം . എന്നാൽ സി ഡി എസ്സിന്റെ കാര്യക്ഷമമായ പ്രവർത്തനം കൊണ്ട് നമ്മുടെ യൂണിറ്റ് തുണി സഞ്ചി നിർമാണം മുന്നോട്ടു കൊണ്ടുപോവുകയും അതിനു വിപണിക്കുള്ള സൗകര്യം ലഭ്യമാക്കുകയും ചെയ്തു.

അഗതിരഹിതകേരളം

അഗതികൾ അധിവസിക്കുന്ന പായിപ്രയിൽ പുതിയ പ്രൊജക്റ്റ് നിലവിൽ വന്നു ഉടനെ തന്നെ ഭക്ഷ്യ ധാന്യ കിറ്റു വിതരണം പുനഃസ്ഥാപിക്കുകയും കൃത്യമായി മാസാരംഭത്തിൽ തന്നെ വിതരണം നടത്തിവരികയുമായിരുന്നു. കോവിഡ് ന്റെ പശ്ചാത്തലത്തിലും ഇക്കാര്യം മുടങ്ങാതെ ശ്രദ്ധിച്ചതിൽ സിഡ്സ് ന്റെ പങ്കു എടുത്തു പറയാതെ വയ്യ.

ഇത്തരക്കാരെ സിഡ്സ് യിൽ എത്തിച്ചു ബുദ്ധിമുട്ടിപ്പിക്കാതെ കഴിവതും ആളുകൾക്ക് കിറ്റുകൾ വീട്ടിൽ തന്നെ എത്തിച്ചു നൽകാൻ പഞ്ചായത്തിന്റെ സഹായത്തോടെ കിറ്റുകൾ വീടുകളിൽ എത്തിച്ചു നൽകുവാൻ കഴിഞ്ഞിട്ടുണ്ട്. 60 വയസ്സിനു മുകളിലുള്ള അഗതികളുടെ കാര്യത്തിൽ സിഡ്സ് പ്രത്യേക ശ്രദ്ധ ചെലുത്തി. ഫോണിൽ വിളിച്ചു കിട്ടാത്തവരെ നേരിട്ട് പോയി അവരുടെ സുഖ വിവരങ്ങൾ അന്വേഷിക്കാൻ സിഡ്സ് അംഗങ്ങൾ പ്രത്യേക ഇടപെടലുകൾ നടത്തി. കോവിഡ് കാലത്തു ഒരുപക്ഷെ പ്രതിസന്ധിയിലാകുമായിരുന്ന ഒരു കുടുംബത്തിന് ഒപ്പം പദ്ധതി വളരെ പ്രയോജനകരമായി.



**ബാലസഭാ കുട്ടികൾക്കായുള്ള മത്സരങ്ങൾ**

കുട്ടികൾക്കും ഈ കൊറോണ കാലം ഒരു വേനലവധി കാലത്തിന്റെ വലിയ നഷ്ടങ്ങളാണ് സമ്മാനിച്ചത്.എന്നാൽ ജില്ലാ മിഷന്റെ നേതൃത്വത്തിൽ ബാലസഭാ കുട്ടികൾകായി നടത്തിയ പല ചലഞ്ചുകളും കുട്ടികളുടെ പാഠ്യ പാഠ്യേതര വിഷയങ്ങളിലെ കഴിവുകൾ അളക്കാൻ ഉതകുന്ന തരത്തിലായിരുന്നു.. പായിപ്ര സിഡ്സ് ന്റെ കുട്ടികൾ ക്വിസ് മത്സരങ്ങളിൽ 3 റൗണ്ടുകൾ വരെ എത്തിയിരുന്നു എന്നത് സി ഡി എസ്സിന് അഭിമാനിക്കാവുന്ന കാര്യമായിരുന്നു..
കോവിഡിനെ ആസ്പദമാക്കി നിർമിച്ച ഷോർട് ഫിലിമും നല്ല നിലവാരം പുലർത്തി..



സൈബർ **ജാലകം**

കഴിഞ്ഞ രണ്ടര മാസം അയൽക്കൂട്ടം കൂടാൻ കഴിയാതിരുന്ന പായിപ്രയിലെ ചേച്ചിമാർക്ക് സൈബർ അയൽക്കൂട്ടം ഒരു പുത്തൻ അനുഭവമായിരുന്നു..പായിപ്രയിൽ ആകെമൊത്തം 1156 അയൽക്കൂട്ട അംഗങ്ങൾ ഈ യോഗം ചേരലിന്റെ ഭാഗമായി..അടുത്ത സൈബർ ജാലകത്തിനായി കാത്തിരിക്കുന്നവരാണ് ഇവരിൽ ഭൂരിഭാഗവും



കോവിഡ് ലോൺ

മുഖ്യമന്ത്രി കോവിഡ് സഹായ പദ്ധതി പ്രഖ്യാപിച്ചതുമുതൽ സി ഡി എസ്സിലെ രണ്ടു ഫോണുകളും നിർത്താതെ ശബ്ദിച്ചു കൊണ്ടിരിക്കുകയായിരുന്നു..18ബാങ്കുകളിലായി കിടക്കുന്ന പായിപ്രയിലെ അയൽക്കൂട്ടങ്ങളുടെ അൽകൗണ്ടുകൾ കൈകാര്യം ചെയ്യുകയെന്നത് സി ഡി എസ്സിനും അക്കൗണ്ടന്ററിനും വളരെ ശ്രമകരമായിരുന്നു. എന്നാൽ തങ്ങൾ മൂലം അർഹതപ്പെട്ടവന്റെ  കൈകളിൽ ലോൺ തുക എത്തുന്നത് വൈകരുതെന്ന വാശിയിന്മേൽ പ്രവർത്തിച്ചതിന്റെ ഫലമായി ഭൂരിഭാഗം അംഗങ്ങളുടെ കൈകളിലേക്കും ലോൺ തുകകൾ എത്തികഴിഞ്ഞു....  പേർക്കായി  തുകയാണ് പായിപ്രയിൽ കൊടുത്തുവരുന്നത്.

DDUGKY ട്രാക്കിംഗ്

ഇക്കഴിഞ്ഞ സാമ്പത്തിക വര്ഷം ddugky യിൽ പഠിച്ചിറങ്ങിയ കുട്ടികൾക്ക് ഈ കൊറോണ ഒരുപക്ഷെ അവരുടെ ഭാവിയെ തന്നെയായിരിക്കാം ചോദ്യചിഹ്നത്തിൽ ആക്കിയത്....അത്തരക്കാരെ തിരിച്ചറിയുന്നതിനായി cds യിലെ 2019 ഏപ്രിൽ മുതൽ മാർച് വരെ പാടിച്ചിറങ്ങിയതും പാടിച്ചുകൊണ്ടിരിക്കുന്നതുമായ ddugky കുട്ടികളെ ട്രാക്ക് ചെയ്യുകയും വിവരങ്ങൾ ഗൂഗിൾ ഷീറ്റിൽ എന്റർ ചെയ്യുകയും ചെയ്തു.

ഈ കൊറോണ കാലവും കഴിഞ്ഞ രണ്ടു പ്രളയവും ഒരു വലിയ പാഠമാണ്...ഒറ്റക്കുനിന്നാൽ ഒന്നും നേടാൻ കഴിയില്ലെന്ന,അന്യോന്യം സഹായിച്ചു മാത്രമേ ഈ സമൂഹത്തിൽ ഇനി നിലനിൽപ്പുള്ളൂ എന്ന എന്ന വലിയ പാഠം....ഇനി പായിപ്ര സി ഡി എസ്സിന് മുന്നിൽ വലിയ വാതായനമാണ് തുറന്നു കിടക്കുന്നത്...സേവനത്തിന്റെ... കരുണയുടെ ആ വലിയ വാതായനം.... അറിവുള്ളവർ പറയുന്നതുപോലെ ഇനി കൊറോണയെ പൂർണമായി ഒഴിവാക്കി പുതിയൊരു ലോകം കെട്ടിപ്പടുക്കുവാൻ ഒരുപക്ഷെ കഴിഞ്ഞെന്നു വരില്ല...ഇനി കൊറോണക്കൊപ്പം സഞ്ചരിക്കേണ്ടി വരും....സുരക്ഷിതമായി.....പായിപ്ര സി ഡി എസ്സും സി ഡി എസ്സിന്റെ എല്ല്ലാ തുടിപ്പുകളും അതിനു ഒരുങ്ങി കഴിഞ്ഞു....

തുടരും.......

തയ്യാറാക്കിയത്

രഞ്ജു രവി

ബ്ലോക്ക് കോഓർഡിനേറ്റർ

9947530905

പായിപ്ര cds ചെയർപേഴ്സൺ

ശ്രീമതി സിനി സുരേഷ്

9961996736